# വിശുദ്ധ കുടുംബം

വേദപാരംഗതയായ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളെ കുടുംബ സിനഡ് മധ്യേ ഫ്രാൻസിസ് പാപ്പാ വിശുദ്ധരായി നാമകരണം നടത്തിയത് തിരുസഭയിൽ കുടുംബസ്ഥ ദൈവവിളിയിലൂടെ വിശുദ്ധിയിലേക്ക് പ്രയാണം ചെയ്യുന്ന ഏവർക്കും പ്രചോദനമായി. കഴിഞ്ഞ നൂറ്റാണ്ടിൽ ഫ്രാൻസിലെ ഒരു കൊച്ചുഗ്രാമത്തിൽ ജീവിച്ച തികച്ചും സാധാരണക്കാരായ ഈ ദമ്പതികൾ സാധാരണത്വങ്ങളിലെ അസാധാരണങ്ങളെ




നമുക്ക് പരിചയപ്പെടുത്തുകയായിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായ്ക്ക് ജന്മം നൽകി എന്നതിലുപരി കുടുംബസ്ഥവിളി വിശുദ്ധിയോടെ ജീവിച്ചതിന്റെ പേരിലാവും അവർ ഇനി അൾത്താരയിൽ സ്മരിക്കപ്പെടുക. വിശുദ്ധിയിൽ ജീവിച്ച് ഒരു തലമുറയ്ക്കപ്പുറം ആരാലും സ്മരിക്കപ്പെടാതെ പോകുന്ന പേരുവിളിക്കപ്പെടാത്ത അനേകായിരം കുടുംബസ്ഥ ജീവിതങ്ങൾക്ക് ലഭിച്ച ആദരവാണ് ലൂയി മാർട്ടിന്റെയും സെലിഗ്വരിന്റെയും വിശുദ്ധ പദവി. നമുക്കജ്ഞാതമായിരിക്കുന്ന ഈശോയുടെ മുപ്പതു വർഷത്തെ രഹസ്യജീവിതമാണ് സഭയിൽ രണ്ടായിരം വർഷമായി അറിയപ്പെടാതെ ജീവിക്കുന്ന വിശുദ്ധജീവിതങ്ങൾക്കുള്ള ആദരമെന്ന ജോൺ പോൾ പാപ്പായുടെ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണ്. സഭയുടെ ചരിത്രത്തിലാദ്യമായി ദമ്പതികളെ ഒരുമിച്ച് നാമകരണം ചെയ്ത ഈ മഹനീയ മുഹൂർത്തത്തിൽ കുടുംബവിശുദ്ധീകരണം ലക്ഷ്യമാക്കി പ്രസിദ്ധീകരിക്കുന്ന കുടുംബ ജ്യോതി മാസിക അതിരറ്റ ആഹ്ലാദം അറിയിക്കട്ടെ. ഈ വിശുദ്ധപദപ്രഖ്യാപനം നൽകുന്ന രണ്ട് പാഠങ്ങൾ ദാമ്പത്യം വിശ്വസ്തതയോടെ[1] ജീവിച്ചാൽ വിശുദ്ധി പ്രാപ്യമാണ് എന്നതും വിശുദ്ധരായ മാതാപിതാക്കൾ വിശുദ്ധരായ മക്കൾക്ക് ജന്മം നൽകുന്നു എന്നതുമാണ്.

Fr. Joseph Elanjimattom